വ്യവസായ സ്വകാര്യവൽക്കരണം ഉപേക്ഷിക്കാൻ നടപടി

58 [3439] *ശ്രീ. എം. വി. ജയരാജൻ:*

,, *മത്തായി ചാക്കോ:*

,, *പിരപ്പൻകോട് മുരളി:*

,, *എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായങ്ങൾ സ്വകാര്യവൽക്കരിക്കുന്ന നയം ഉപേക്ഷിക്കാൻ സർക്കാർ തയ്യാറാകുമോ;

(ബി) ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളുടെ കാര്യത്തിലാണ് സ്വകാര്യ വൽക്കരണ നീക്കങ്ങളുമായി മുന്നോട്ടു പോകേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(സി) പൊതുമേഖലാ വ്യവസായങ്ങളുടെ സംരക്ഷണത്തിനായി സംസ്ഥാനത്തെ ട്രേഡ് യൂണിയൻ സംഘടനകൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ സ്വകാര്യവൽക്കരണ നയം പാടെ ഉപേക്ഷിച്ചുകൊണ്ട് പ്രസ്തുത നിർദ്ദേശങ്ങൾ പരിഗണിക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളൊന്നും ഇതേവരെ സ്വകാര്യവൽക്കരിച്ചിട്ടില്ല.

(ബി) കെൽട്രോൺ കൗണ്ടേഴ്സ്, കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽ ലിമിറ്റഡ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, ആസ്ട്രാൾ വാച്ചസ് എന്നിവയുടെ മുഴുവൻ ഷെയറുകളും, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ 49% വരെ ഷെയറുകളും സ്വകാര്യമേഖലയ്ക്ക് കൈമാറാൻ സർക്കാർ പരസ്യം ചെയ്തിരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(ബി) & (സി) ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും പുനരുദ്ധാരണ പ്രവർത്തനത്തെ സംബന്ധിച്ച് മുഖ്യമന്ത്രിയും വ്യവസായ വകുപ്പ് മന്ത്രിയും തൊഴിലാളി സംഘടനകൾ മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങളിന്മേൽ ചർച്ചകൾ നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly